LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

147 [911] ശ്രീ. വി. ജെ. പൗലോസ് :

,, ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കാൻ എത്ര കോടി രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ലംപ്സം ഗ്രാന്റ് കൊടുക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്ത് എന്ത് തുക ഈയിനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2001-02	800.00	800.00
2002-03	177.87	177.87
2003-04	600.00	600.00
2004-05	600.00	600.00
2005-06	600.00	600.00
സ്പെഷ്യൽ പാക്കേജ് പദ്ധതി		
2005-06	760.00	491.20
ആകെ	3537.87	3269.07

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് കൊടുക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് 21.76 കോടി രൂപ ജില്ലാ ആഫീസർമാർ വഴി വിതരണം ചെയ്തിട്ടുണ്ട്.

ക്ഷേമനിധി പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ

148 [912] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത് എന്ന് പറയാമോ ;

(ബി) ഓരോ ആനുകൂല്യങ്ങൾ ലഭിക്കുന്നവരെത്രയെന്നും ഓരോ പദ്ധതിയനുസരിച്ച് എന്ത് തുകയുടെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ ;

(സി) വിവിധ പദ്ധതികൾക്ക് ഓരോ ഇനത്തിലും കൊടുത്തു തീർക്കേണ്ട കുടിശ്ശിക തുക എത്ര വീതമെന്നും അവ എത്ര മാസത്തേതാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം അനുബന്ധം-I ആയി ചേർക്കുന്നു. †

(ബി) വിവരം അനുബന്ധം-II ആയി ചേർക്കുന്നു. †

(സി) വിവരം അനുബന്ധം-III ആയി ചേർക്കുന്നു. †

ക്ഷേമനിധി ബോർഡിൽ കുടിശ്ശികയായ ആനുകൂല്യങ്ങൾ

149 [913] ശ്രീ. വി. കെ. സി. മമ്മത്കോയ :
,, കെ. വി. കുഞ്ഞിരാമൻ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം മരവിപ്പിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി വിഹിതമായി മത്സ്യകയറ്റുമതിക്കാരിൽ നിന്നും പിരിച്ചെടുത്ത തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

(ബി) ആനുകൂല്യങ്ങളൊന്നും മരവിപ്പിച്ചിട്ടില്ല.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ 1-2-2002-ലെ വിധി പ്രകാരം, ക്ഷേമനിധി ബോർഡിലേക്ക് മത്സ്യകയറ്റുമതിക്കാരിൽ നിന്നും അംശദായം ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ 4(2) അസാധുവാക്കി. പ്രസ്തുത വിധി വരുന്നതിനു മുൻപ് 2001-02-ലെ സാമ്പത്തിക വർഷത്തിൽ 46.46 ലക്ഷം രൂപ അംശദായമായി മത്സ്യകയറ്റുമതിക്കാർ ബോർഡിലേക്ക് അടച്ചിട്ടുണ്ട്.

† അനുബന്ധം VII, VII (എ) ,VII (ബി)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VII

[15-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 148 (912)-ന്റെ ഉത്തരം കാണുക].

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളുടെ വിവരം

(എ) മത്സ്യത്തൊഴിലാളി പദ്ധതി

1. ഗ്രൂപ്പ് ഇൻഷ്വറൻസ് :

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിനും, കാണാതാകുന്നവരുടെ ആശ്രിതർക്കും, ആകസ്മിക മരണത്തിനും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും	:	1 ലക്ഷം രൂപയും
സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക്	:	50,000 രൂപയും നൽകിവരുന്നു.

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം : 20,000 രൂപ (ഇൻഷ്വറൻസ് സഹായം ലഭിക്കാത്തവർക്ക്).

3. വിവാഹ ധനസഹായം : 1500 രൂപ.

4. വാർദ്ധക്യകാല പെൻഷൻ പ്രതിമാസം : 120 രൂപ.

5. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം : 600 രൂപ.

6. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായപദ്ധതി : പരമാവധി 500 രൂപ.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം : 5000 രൂപ. (സാധാരണ മരണം)

8. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് : സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000 രൂപ ക്രമത്തിലും ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 2000 രൂപയും തുടർ വിദ്യാഭ്യാസത്തിന് 100 രൂപ വീതവും ധനസഹായം നൽകുന്നു. (ഒന്നും രണ്ടും സ്ഥാനങ്ങൾക്ക്).

9. കുടുംബ സംവിധാന പദ്ധതി : 500 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

10. മാരക രോഗ ചികിത്സാ പദ്ധതി പ്രകാരം കാൻസർ, ഹൃദ്രോഗം, വൃക്കരോഗം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കുള്ള പരമാവധി ധനസഹായമായി 50,000 രൂപ നൽകിവരുന്നു. തളർവാതത്തിന് 12,000 രൂപയും മാനസിക രോഗത്തിന് 5000 രൂപയും പരമാവധി ധനസഹായമായി നൽകുന്നു.

11. ചെയർമാൻസ് റിലീഫ് ഫണ്ട് പദ്ധതി പ്രകാരം അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ, കാലവർഷക്കെടുതികൾ മുതലായവമൂലം ജീവനും, സ്വത്തിനും, നഷ്ടം സംഭവിക്കുമ്പോൾ അടിയന്തിര ദുരിതാശ്വാസ ധനസഹായമായി 2,500 രൂപ വരെ (കഷ്ടനഷ്ടങ്ങളുടെ സ്വഭാവമനുസരിച്ച്) ധനസഹായം നൽകുന്നു.

12. *ബോർഡിന്റെ പ്രത്യേക ധനസഹായം*: പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിലും ശോചനീയമായ കുടുംബ പരിതസ്ഥിതി, മാനുഷിക പരിഗണനകൾ എന്നിവ കണക്കിലെടുത്ത് ക്ഷേമനിധി ബോർഡ് തീരുമാനപ്രകാരം പ്രത്യേക ധനസഹായങ്ങളും നൽകിവരുന്നു.

13. *പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി*: മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും അവരുടെ ആദ്യത്തെ രണ്ട് പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായമായി 750 രൂപ വീതം നൽകുന്നു.

14. *ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി*: ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ സംസ്ഥാനതലത്തിൽ 1, 2, 3, ഗ്രൂപ്പുകളിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപ വീതവും മേഖലാടിസ്ഥാനത്തിൽ (തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്) 1, 2, 3, ഗ്രൂപ്പുകളിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 3,000 രൂപ വീതവും, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്കും 3,000 രൂപ വീതം ക്യാഷ് അവാർഡും മെരിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു.

15. മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി.

16. മത്സ്യത്തൊഴിലാളികളുടെ ബോധവത്ക്കരണ പരിപാടി.

17. വിധവാ പെൻഷൻ : പ്രതിമാസം 120 രൂപ.

(ബി) <u>മത്സ്യബന്ധനമേഖലയിലെ അനുബന്ധ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ.</u>

1. ഗ്രൂപ്പ് ഇൻഷ്വറൻസ് :

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിനും ആകസ്മിക മരണത്തിനും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും	:	1 ലക്ഷം രൂപയും.
സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക്	:	50,000 രൂപയും നൽകിവരുന്നു.

GPM. 2/152/2013—37

LIBRARY ARCHIVES Kerala Legislative Assembly

2. വാർദ്ധക്യകാല പെൻഷൻ പ്രതിമാസം : 75 രൂപ.

3. അനുബന്ധ തൊഴിലാളികളുടെ സാധാരണ മരണത്തിന് ആശ്രിതർക്ക് ധനസഹായം : 5,000 രൂപ.

4. പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായത്തിനുള്ള പദ്ധതി : 750 രൂപ.

5. *എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്* : സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000 രൂപ ക്രമത്തിലും ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 2000 രൂപയും തുടർ വിദ്യാഭ്യാസത്തിന് 100 രൂപ വീതവും ധനസഹായം നൽകുന്നു. (ഒന്നും രണ്ടും സ്ഥാനങ്ങൾക്ക്).

6. *രോഗ ചികിത്സാ ധനസഹായം* : ഹൃദ്രോഗം, വൃക്കരോഗം, കാൻസർ (പരമാവധി 25,000 രൂപ), തളർവാതം, സ്വബോധം നഷ്ടപ്പെട്ട മാനസിക രോഗി (പരമാവധി 10,000 രൂപ), വനിതാ അനുബന്ധ തൊഴിലാളിക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് (പരമാവധി 5,000 രൂപ).

7. അനുബന്ധ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതി : 1500 രൂപ, (ഒരു പെൺകുട്ടിക്ക് മാത്രം).

8. കുടുംബ സംവിധാന പദ്ധതി : 500 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VII (എ)

[15-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 148 (912)-ന്റെ ഉത്തരം കാണുക].

മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികളിൽ നിന്നും ആനുകൂല്യം ലഭിച്ചവരുടെ വിവരം

ക്രമ നമ്പർ	പദ്ധതിയിനം	ഗുണഭോക്താക്കളുടെ എണ്ണം	തുക
(1)	(2)	(3)	(4)
1.	ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രീമിയം തുക:		
	(എ) അപകട മരണം/ കാണാതാകൽ (കോമ്പൻസേഷൻ) (ബി) ശാശ്വത (പൂർണ്ണ അവശത) (സി) ശാശ്വത/ഭാഗിക അവശത (ഡി) മെഡിക്കൽ ചെലവ്	686	3,77,58,983
2.	മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം	151	29,18,333
3.	പെൺകുട്ടികളുടെ വിവാഹ ധനസഹായം	10127	1,51,91,300
4.	ആശ്രിതരുടെ മരണത്തോടനുബന്ധിച്ച ചെലവുകളിലേക്കുള്ള ധനസഹായം	4286	25,32,900
5.	വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം)	27979	24,97,15,670
6.	അപകടംമൂലമുള്ള താൽക്കാലിക അവശത	4101	16,32,025
7.	മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം	2485	1,18,57,000
8.	എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്	85	1,78,156
9.	കുടുംബ സംവിധാന പദ്ധതി	3378	16,90,950
10.	(എ) രോഗ ചികിത്സാ പദ്ധതി	1258	85,50,886
	(ബി) രോഗികൾക്ക് അവശതാ പെൻഷൻ പ്രതിമാസം	41	66,700
11.	വിധവാ പെൻഷൻ	3247	1,57,59,273

GPM. 2/152/2013—38

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
12.	ചെയർമാൻസ് റിലീഫ് ഫണ്ട്	513	5,05,838
13.	ബോർഡിന്റെ പ്രത്യേക അനുമതിപ്രകാരം നൽകുന്ന ധനസഹായം	109	2,06,055
14.	പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായ പദ്ധതി	4570	34,00,800
15.	മത്സ്യബോർഡ് ഗൈഡൻസ് സെന്റർ	..	96,555
16.	ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി	80	2,68,738
17.	ബോധവത്ക്കരണ പരിപാടി	245017	..
18.	പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിജയം നേടുന്നവർക്ക് ഗോൾഡ് മെഡൽ പദ്ധതി	..	..
19.	സാനിട്ടേഷൻ പദ്ധതി	1	1,500
20.	ഐ.എഫ്.പി. ട്രെയിനിംഗ്	296	3,27,441
	ആകെ	63,393	35,29,04,120
	അനുബന്ധ തൊഴിലാളി പദ്ധതി		
1.	അനുബന്ധ തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്കുള്ള ധനസഹായം	252	12,60,000
2.	പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായ പദ്ധതി	178	1,33,250
3.	ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (അപകട മരണം)	25	20,54,973
4.	വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) 75 രൂപ പ്രകാരം	656	25,17,137
5.	മെഡിക്കൽ ചെലവ്	35	40,657
6.	എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്	67	1,62,740
7.	ബോർഡിന്റെ പ്രത്യേക അനുമതിപ്രകാരം നൽകുന്ന ധനസഹായം	1	3,000
8.	രോഗ ചികിത്സ പദ്ധതി	106	5,78,291
9.	കുടുംബ സംവിധാനം	34	17,000
10.	പെൺകുട്ടികളുടെ വിവാഹ ധനസഹായം	145	2,17,500
	ആകെ	1499	69,84,550

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VII (ബി)

[15-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 148 (912)-ന്റെ ഉത്തരം കാണുക].

മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികളിൽ കുടിശ്ശിക ഇനത്തിൽ കൊടുത്തു തീർക്കേണ്ട തുകയുടെ വിവരം

ക്രമ നമ്പർ	പദ്ധതിയുടെ പേര്	തുക ലക്ഷത്തിൽ	മുടങ്ങിയ മാസം/ എണ്ണം
(1)	(2)	(3)	(4)
	മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി		
1.	ഗ്രൂപ്പ് ഇൻഷ്വറൻസ്	164.00	1999 മുതൽ 2005 വരെയുള്ള വിവിധ കാലയളവിൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് 167 അപേക്ഷകൾ തീർപ്പാക്കി ലഭിക്കുവാനുണ്ട്.
	1. (എ) അപകടത്തെ തുടർന്ന് ആശുപത്രി ചികിത്സയ്ക്ക് ധനസഹായം	7.00	
2.	വിവാഹ ധനസഹായ പദ്ധതി	63.75	വിവാഹ ധനസഹായത്തിനുള്ള അപേക്ഷകളിൽ 1879 അപേക്ഷകൾ 2004-05-ലേയും 2371 അപേക്ഷകൾ 2005-06-ലേയുമാണ്.
3.	മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം	1.20	ഈ പദ്ധതികളിലെ അപേക്ഷകൾ 2005-06 വർഷത്തിലേതാണ്.
4.	ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം	1.10	,,
5.	വാർദ്ധക്യകാല പെൻഷൻ	..	,,
6.	താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായം	1.26	,,
7.	മത്സ്യത്തൊഴിലാളിയുടെ മരണത്തോട് അനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം	19.25	,,

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8.	എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്	..	ഈ പദ്ധതികളിലെ അപേക്ഷകൾ 2005-06 വർഷത്തിലേതാണ്.
9.	കുടുംബസംവിധാന പദ്ധതി	1.25	,,
10.	മാരക രോഗ ചികിത്സാ പദ്ധതി	50.00	,,
11.	ചെയർമാൻസ് റിലീഫ് ഫണ്ട്	..	,,
12.	പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം	1.89	,,
13.	ഗൈഡൻസ് സെന്റർ	..	,,
14.	ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി	..	,,
15.	ബോധവത്ക്കരണ പരിപാടി	..	,,
16.	മരിച്ച മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് പെൻഷൻ	4.75	,,
	ആകെ	315.45	
	അനുബന്ധ തൊഴിലാളി ക്ഷേമപദ്ധതി		
1.	വാർദ്ധക്യകാല പെൻഷൻ	0.45	
2.	ഗ്രൂപ്പ് ഇൻഷ്വറൻസ്	7.00	
	2. (എ) അപകടത്തെ തുടർന്ന് ആശുപത്രി ചികിത്സയ്ക്ക് ധനസഹായം	0.01	
3.	പ്രസവ ശുശ്രൂഷാ ധനസഹായം	..	
4.	മത്സ്യത്തൊഴിലാളിയുടെ മരണത്തോട് അനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം	1.15	ഈ അപേക്ഷകൾ 2005-06 വർഷത്തിലേതാണ്.
5.	എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്	..	
6.	രോഗ ചികിത്സാ പദ്ധതി	5.55	
7.	പെൺമക്കളുടെ വിവാഹത്തിന് ധനസഹായം	0.41	
8.	കുടുംബ സംവിധാന പദ്ധതി	0.04	
	ആകെ	14.61	

LIBRARY ARCHIVES Kerala Legislative Assembly